# തിരുവിതാംകൂർ ദേവസ്വം ബോർഡ്

തിരുവനന്തപുരം-03, ഫോൺ 0471-2315009 Mail- secretarytdbtvm@gmail.com

ദേവസ്വം ബോർഡ് ഓഫീസ്

Roc. 8525/16/Est.1 തിരുവനന്തപുരം, 23 /08/2016

എല്ലാ വകുപ്പു മേധാവികൾക്കും

സർ,

വിഷയം : തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ സ്വയം പര്യാപ്തമാക്കുന്ന സംഗതി - കോൺഫറൻസ് തീരുമാനങ്ങൾ നടപ്പാക്കുന്നതു സംബന്ധിച്ച്

സൂചന : 04/08/2016 ൽ ദേവസ്വം ബോർഡ് ആസ്ഥാനത്തെ സുമംഗലി ആഡിറ്റോറിയത്തിൽ വച്ചു നടന്ന കോൺഫറൻസ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ സ്വയംപര്യാപ്തമാക്കുന്നതു സംബന്ധിച്ച് 04/08/2016 ൽ ദേവസ്വം ബോർഡ് കോമ്പൗണ്ടിലുള്ള സുമംഗലി ആഡിറ്റോറിയത്തിൽ വച്ചു നടന്ന ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ, എക്സിക്യൂട്ടീവ് എഞ്ചിനിയർമാർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർ, സബ് ഗ്രൂപ്പ് ഓഫീസർമാർ എന്നിവരുടെ കോൺഫറൻസിലെ ചർച്ചയുടെ മിനിറ്റ്സ് ഔദ്യോഗിക വെബ് സൈറ്റിൽ (www.travancoredevaswomboard.org) പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത മിനിറ്റ്സ് പ്രിന്റെടുത്ത് ആയതിലെ തീരുമാനപ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്നുള്ള വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)

സെക്രട്ടറി

അംഗീകാരത്തോടെ,

അസിസ്റ്റന്റ് സെക്രട്ടറി

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

തിരുവനന്തപുരം-03, ഫോൺ 0471-2315009 Mail- secretarytdbtvm@gmail.com

**ഡിപ്പാർട്ടുമെന്റിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കൽ - ക്ഷേത്രങ്ങളെ സ്വയം പര്യാപ്തതയിലെത്തിക്കുന്ന സംഗതി സംബന്ധിച്ച് 04/08/2016 ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് സുമംഗലി ആഡിറ്റോറിയത്തിൽ വച്ച് കൂടിയ വകുപ്പു മേധാവികളുടെയും ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരുടെയും, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടെയും, സബ്ഗ്രൂപ്പ് ഓഫീസർമാരുടെയും കോൺഫറൻസിന്റെ നടപടി സംഗ്രഹം.**

ബഹുമാനപ്പെട്ട ദേവസ്വം ബോർഡ് പ്രസിഡന്റ് ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അവർകളുടെ അദ്ധ്യക്ഷതയിലും ബഹുമാന്യരായ ബോർഡ് മെമ്പർ ശ്രീ. അജയ് തറയിലിന്റെ സാന്നിദ്ധ്യത്തിലും കൂടിയ യോഗത്തിൽ ബോർഡ് സെക്രട്ടറി ശ്രീ. വി. എസ്. ജയകുമാറിനു പുറമെ ചുവടെ വിവരിക്കുന്നവർ പങ്കെടുത്തു.

1. ശ്രീ. സി. പി. രാമരാജ പ്രേമ പ്രസാദ്, ദേവസ്വം കമ്മീഷണർ
2. ശ്രീ. ജി. മുരളീകൃഷ്ണൻ, ചീഫ് എഞ്ചിനിയർ (ജനറൽ)
3. ശ്രീ. വി. ശങ്കരൻ പോറ്റി, ചീഫ് എഞ്ചിനിയർ
4. ശ്രീ. പി. ഗോപകുമാർ, ലോ ഓഫീസർ
5. ശ്രീ. എസ്. ഉണ്ണികൃഷ്ണൻ, ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
6. ശ്രീ. ശ്രീ. ബി. സന്തോഷ്കുമാർ, ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
7. ശ്രീ. വി. ഹരീന്ദ്രനാഥ്, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, വൈക്കം
8. ശ്രീ. ജി. പത്മകുമാർ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, പത്തനംതിട്ട
9. ശ്രീ. എസ്. ജയശ്രീ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ഹരിപ്പാട്
10. ശ്രീ. കെ.ആർ.മോഹൻലാൽ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം
11. ശ്രീ. ജി. എസ്. ബൈജു, എക്സിക്യൂട്ടീവ് എഞ്ചിനിയർ, കോട്ടയം
12. ശ്രീ. ബി. കേശവദാസ്, എക്സിക്യൂട്ടീവ് എഞ്ചിനിയർ, മാവേലിക്കര
13. ശ്രീ. ജി. എൽ. വിനയകുമാർ, എക്സി. എഞ്ചിനിയർ, തിരുവനന്തപരും
14. ശ്രീമതി. എം. ഗീതാദേവി, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, എച്ച്.സി.എ
15. ശ്രീ. കെ. സോമശേഖരൻ നായർ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ഇൻസ്പെക്ഷൻ
16. ശ്രീമതി. പി. റ്റി. ശ്രീലത, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (അഡ്മിൻ)
17. ശ്രീ. സി. റ്റി. പത്മകുമാർ, എക്സിക്യൂട്ടീവ് എഞ്ചിനിയർ, എസ്റ്റേറ്റ് ഡിവിഷൻ
18. ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ
19. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർ
20. സബ് ഗ്രൂപ്പ് ഓഫീസർമാർ

ഉച്ചകഴിഞ്ഞ് 3 മണിക്ക് ഈശ്വര പ്രാർത്ഥനയോടെ യോഗ നടപടികൾ ആരംഭിച്ചു.

സെക്രട്ടറി ശ്രീ. വി. എസ്. ജയകുമാർ യോഗത്തിൽ പങ്കെടുത്തവർക്ക് സ്വാഗതം ആശംസിച്ചു. തുടർന്ന ബഹു. പ്രസിഡന്റ് ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അവർകൾ നടത്തിയ അദ്ധ്യക്ഷ പ്രസംഗത്തിൽ ക്ഷേത്രങ്ങളിൽ കടന്നുവരുന്ന വിശ്വാസികളുടെ വിശ്വാസം നിലനിർത്തുന്നതിനും ക്ഷേത്ര സംസ്കാരം

വളർത്തുന്നതിനും ഓരോ ജീവനക്കാരനും ഉത്തരവാദിത്വമുണ്ടെന്നും അതിന് ജീവനക്കാർ ആദ്യം വിശ്വാസികളാകണമെന്നും ക്ഷേത്രങ്ങളുടെയും സ്ഥാപനത്തിന്റെയും നിലനിൽപിന് ഉദ്യോഗസ്ഥരും ജീവനക്കാരും അവരവരുടെ ജോലികളിൽ സത്യസന്ധരും കൂറുമുള്ളവരായിരിക്കണമെന്നും ഓരോ ക്ഷേത്രങ്ങളുടെയും വളർച്ചക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ഓരോരുത്തരും സധൈര്യം പങ്കുവക്കണമെന്നും പറഞ്ഞു. തുടർന്ന് സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർ ശ്രീ. അജയ് തറയിൽ 02/03/2016 ൽ നടത്തിയ ഡിപ്പാർട്ടുമെന്റു കോൺഫറൻസിലെ തീരുമാനങ്ങൾ ഉദ്യോഗസ്ഥർ നടപ്പാക്കാത്തതിൽ ഖേദം പ്രകടിപ്പിച്ചു. ഉത്സവം നടത്തുന്നതിന് ചെലവിനുള്ള തുകക്കായി വഴിപാടിൽ അഡ്ജസ്റ്റ്മെന്റ് നടത്തുന്ന പ്രവണത അനുവദിക്കില്ലന്നും ആനപാട്ടം സംബന്ധിച്ചും ഉത്സവം സംബന്ധിച്ചുമുള്ള ചെലവ് ബോർഡ് വഹിക്കേണ്ടിവന്നാൽ ആയതു ചെയ്യുമെന്നും, ക്ഷേത്രങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭൗതിക സാഹചര്യങ്ങളിൽ മാറ്റം വരുത്തുന്ന തുൾപ്പടെയുള്ള എന്തു ക്രമീകരണത്തിനും ബോർഡു തയ്യാറാണെന്ന് അറിയിച്ചു.

തുടർന്നു സംസാരിച്ച ദേവസ്വം കമ്മീഷണർ ശ്രീ രാമരാജ പ്രേമ പ്രസാദ് ജീവനക്കാരുടെ അച്ചടക്കം ഉറപ്പാക്കേണ്ടത് അനിവാര്യമാണന്ന് അഭിപ്രായപ്പെട്ടു. വസ്ത്രധാരണത്തിലും പെരുമാറ്റത്തിലും ജീവനക്കാർ വളരെയധികം ശ്രദ്ധിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

തുടർന്ന് അജണ്ടയിലെ ഓരോ ഐറ്റവും വിശദമായ ചർച്ച ചെയ്ത് ചുവടെ വിവരിക്കുന്ന തീരുമാനങ്ങൾ കൈകൊണ്ടു.

1. **<u>ക്ഷേത്രങ്ങൾ സ്വയംപര്യാപ്തമാക്കുന്ന സംഗതി</u>**

   തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 1250 ക്ഷേത്രങ്ങളിൽ നിലവിലെ കണക്കനുസ്സരിച്ച് 83 ക്ഷേത്രങ്ങൾ മാത്രമാണ് സ്വയം പര്യാപ്തമായിട്ടുള്ളത്. സ്വയം പര്യാപ്തമായ നിലയിൽ എത്താൻ സാദ്ധ്യതയുള്ള ക്ഷേത്രങ്ങൾ കണ്ടെത്തി ആവശ്യമായ മുൻകരുതലോടെ പ്രവർത്തിച്ചാൽ സമീപഭാവിയിൽ തന്നെ കൂടുതൽ ക്ഷേത്രങ്ങളെ സ്വയംപര്യാപ്തതയിലെത്തിക്കാവുന്നതാണ്. ക്ഷേത്രങ്ങളുടെ വരവും ചെലവും പരിശോധിച്ച് സമീപ ഭാവിയിൽ സ്വയം പര്യാപ്തതയിലെത്താൻ സാദ്ധ്യതയുള്ള ക്ഷേത്രങ്ങളുടെ പട്ടിക തയ്യാറാക്കി മുൻകരുതലോടെ പ്രവർത്തിച്ച് വരുമാനം വർദ്ധിപ്പിച്ചും ചെലവു കുറച്ചും മുന്നോട്ടു പോകേണ്ടത് അനിവാര്യമാണ്. ഓരോ ക്ഷേത്രത്തിലും ദേവ ചൈതന്യം വർദ്ധിപ്പിച്ച് ഭക്തജനങ്ങളെ കൂടുതൽ ആകർഷിക്കത്തക്ക നിലയിലുള്ള അന്തരീക്ഷം ഉണ്ടാക്കിയെടുക്കാൻ പരിശ്രമിക്കേണ്ടത് ആ ക്ഷേത്രത്തിന്റെ ഭരണം നിർവഹിക്കുന്ന സബ് ഗ്രൂപ്പ് ഓഫീസറും ജീവനക്കാരുമാണ്. ഭക്തജനങ്ങളോടുള്ള സമീപനമാണ് ഇതിൽ പ്രധാനം. ഇതു സംബന്ധിച്ച് 25/03/2016 ൽ ആർ.ഒ.സി 87/12/എസ്റ്റാ-1 നമ്പരായി ബോർഡ് പ്രത്യേക ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

   ക്ഷേത്രാചാരങ്ങൾ പാലിച്ചുകൊണ്ടുതന്നെ ക്ഷേത്ര തന്ത്രിമാരുമായി ആലോചിച്ച് ദേവ ചൈതന്യം വർദ്ധിപ്പിക്കുന്നതിനും ഭക്തജനങ്ങൾക്ക് കൂടുതൽ ഗുണകരമായി വഴിപാടുകൾ ഓരോ ക്ഷേത്രങ്ങളിലും നടത്തുന്നതു സംബന്ധിച്ച് ഉടൻ പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെ ചുമതലപ്പെടുത്തി 25/03/2016 ൽ ആർ.ഒ.സി 87/12/എസ്റ്റാ-1 നമ്പരായി ബോർഡ് വ്യക്തമായ ഉത്തരവു പുറപ്പെടുവിച്ചിരുന്നുവെങ്കിലും ഒരു ഗ്രൂപ്പിൽ നിന്നു പോലും നാളിതുവരെ പ്രോപ്പോസലുകൾ ലഭിച്ചതായി കാണപ്പെട്ടില്ല.

പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിന്റെ ഭാഗമായി ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള ലാൻഡുകൾ, കെട്ടിടങ്ങൾ തുടങ്ങിയവ പ്രൊഡക്ടീവ് ആയി എങ്ങനെ പ്രയോജനപ്പെടുത്താം എന്നതു സംബന്ധിച്ചുള്ള പ്രൊപ്പോസൽ അതാതു ആസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ ഡെപ്യൂട്ടി കമ്മീഷണർ മുഖാന്തിരം ദേവസ്വം കമ്മീഷണർക്കു സമർപ്പിക്കാനും 25/03/2016 ൽ ആർ.ഒ.സി 87/12/എസ്റ്റാ-1 നമ്പരായി ഉത്തരവുപുറപ്പെടുവിച്ചിരുന്നു.

വരുമാന ചോർച്ച തടയുന്നതിന് വഴിപാടു രസീതെഴുതുന്നതു സംബന്ധിച്ചും, പണാപഹരണം ഒഴിവാക്കുന്നതു സംബന്ധിച്ചും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 25/03/2016, 26/03/2016 എന്നീ തീയതികളിൽ ആർ.ഒ.സി 87/12/എസ്റ്റാ-1 നമ്പരായി ബോർഡുത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ഇതു പരിശോധനാ ഉദ്യോഗസ്ഥർ പരിശോധനക്കു വിധേയമാക്കുന്നുണ്ടോ എന്നുള്ളതു സംബന്ധിച്ച് യാതൊരു റിപ്പോർട്ടുകളും ലഭിച്ചു കാണുന്നില്ല.

ടി ഉത്തരവുകൾ കർശനമായി പാലിച്ച് ഏതെല്ലാം ക്ഷേത്രങ്ങൾ ഒരു വർഷത്തിനകം സ്വയം പര്യാപ്തമാക്കുവാൻ കഴിയും എന്നത് സംബന്ധിച്ച് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരേയും അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/സബ്ഗ്രൂപ്പ് ആഫീസർമാരേയും ഉൾപ്പെടുത്തി വിശദമായി ചർച്ച ചെയ്ത് വ്യക്തമായ വിവരം 31/08/2016 നകം ബോർഡിൽ റിപ്പോർട്ടു ചെയ്യുന്നതിന് ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരെ ചുമതലപ്പെടുത്തി.

2. <u>വഴിപാട് ഗുണനിലവാരം ഉറപ്പാക്കലും വഴിപാട് റേറ്റ് ഏകീകരണവും പൂർണ്ണമായും നടപ്പിലാക്കാത്ത സംഗതി</u>

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ വഴിപാടുറേറ്റ് ഏകീകരിച്ച് വഴിപാടുകൾ സ്റ്റാൻഡർഡൈസ് ചെയ്യുന്നതിന്റെ ഭാഗമായി വ്യക്തമായ ഉത്തരവ് 01/04/2016 ൽ പുറപ്പെടുവിക്കുകയും തുടർന്ന് പ്രായോഗികത കണക്കിലെടുത്ത് ചില ഭേദഗതികൾ വരുത്തി 28/05/2016, 23/05/2016 എന്നീ തീയതികളിൽ ആർ.ഒ.സി 10416/12/സ്യൂട്ട്/എൻ.എസ് നമ്പരായി ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ അതിൻ പ്രകാരം സ്റ്റാൻഡർഡൈസ് ചെയ്ത രീതിയിലല്ല പല ദേവസ്വങ്ങളിലും ഇപ്പോഴും വഴിപാടുകൾ നടക്കുന്നതെന്ന വിവരം ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടു.

നിവേദ്യങ്ങളുടേയും മറ്റും നിർമ്മാണത്തിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും വിതരണം കാര്യക്ഷമമാക്കുന്നതിനും ഡി.ബി.പി 31/2009 നമ്പർ കേസ്സിൽ 06/07/2011 ൽ ദേവസ്വം ബോർഡ് പ്രസിഡന്റ് ചെയർമാൻ ആയി ബഹുമാനപ്പെട്ട ഹൈക്കോടതി നിയോഗിച്ച കമ്മിറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോർഡ് 10/01/2012 ലെ ആർ.ഒ.സി 1134/10/എസ്റ്റാ.1 നമ്പരായി വ്യക്തമായ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും പല വഴിപാടുകളും ടി ഉത്തരവിലെ നിർദ്ദേശാനുസരണമല്ല നടന്നുവരുന്നതെന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

നിലവിലെ ഉത്തരവുകൾ പ്രകാരം വഴിപാടുകൾ നല്ലരീതിയിൽ നടത്തി നൽകുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും എല്ലാ ഉദ്യോഗസ്ഥരും ബാദ്ധ്യസ്ഥരാണ്. ആയത് പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. ഗുണനിലവാരം ഉറപ്പാക്കേണ്ടത് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടെയും ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരുടേയും കൂടി ചുമതലയാണ്. വീഴ്ചക്കാരുടെ വിവരം ഇവർ ദേവസ്വം

കമ്മീഷണറുടെ ശ്രദ്ധയിൽക്കൊണ്ടുവരേണ്ടതും ദേവസ്വം കമ്മീഷണർ കർശന ശിക്ഷണ നടപടി സ്വീകരിക്കേണ്ടതും വിവരം ബോർഡിലേക്ക് റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

3. **ക്ഷേത്രങ്ങളിൽ സബ് ഗ്രൂപ്പ് ഓഫീസർമാർ കൃത്യമായി ജോലിക്കു ഹാജരാകാത്ത സംഗതി**

ഒന്നിൽ കൂടുതൽ സബ് ഗ്രൂപ്പുകളുടെ ചുമതല ഒരാൾക്കു നൽകുന്നതിനാൽ ഇതിന്റെ മറവിൽ ഒരു ഓഫീസിലും/ദേവസ്വത്തിലും പോകാതിരിക്കുന്ന പ്രവണതയാണ് പല സബ് ഗ്രൂപ്പ് ഓഫീസർമാരിൽ നിന്നും കാണുന്നത്. ഇതു ക്ഷേത്രഭരണത്തെ ബാധിക്കുകയും വരുമാനചോർച്ച ഉണ്ടാക്കുകയും ചെയ്യുന്നു. സബ്ഗ്രൂപ്പ് ആഫീസർമാരുടെ വീഴ്ച കാരണം രസീതെഴുതാതെ വഴിപാടുകൾ നടത്തി നൽകുന്ന പ്രവണത വർദ്ധിക്കുന്നതായും, പുറത്തുള്ള ഏജൻസികൾ വഴിപാടു നടത്തിപ്പിൽ കൈ കടത്തുന്നതിനും ഇടയാക്കി വരുന്നു. ഇത് പൂർണ്ണമായും ഒഴിവാക്കപ്പെടേണ്ടതാണ്. ഇക്കാര്യം സംബന്ധിച്ച് 25/03/2016 ൽ ആർ.ഒ.സി 87/12/എസ്റ്റാ-1 നമ്പരായി ബോർഡ് ഉത്തരവു പുറപ്പെടുവിച്ചിരുന്നു. ആയത് നടപ്പാക്കുന്നതിൽ യാതൊരു വീഴ്ചയും ഉണ്ടാകുവാൻ പാടില്ല.

4. **സബ്ഗ്രൂപ്പുകൾ ഒഴിഞ്ഞു കിടക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിന് തീരുമാനിക്കുന്നു**

ദേവസ്വം ഭരണം മെച്ചപ്പെടുത്തുന്നതിനും വരുമാന ചേർച്ച ഒഴിവാക്കുന്നതിനും മേലിൽ സബ്ഗ്രൂപ്പുകൾ ഒഴിച്ചിടുവാൻ പാടുള്ളതല്ല. ഇതിലേക്ക് ബോർഡിലേയും ബോർഡിന്റെ കീഴിലെ വിവിധ ഓഫീസുകളിലും ജോലി നോക്കിവരുന്ന ക്ലറിക്കൽ വിഭാഗത്തിലെ ഉദ്യോഗസ്ഥരെ സബ് ഗ്രൂപ്പുകളിലേക്കുമാറ്റി 31-08-2016 നകം മാറ്റി നിയമിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

ഓഫീസുകളിലെ ഒഴിവുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 11/11/2015 ലെ ഡി.ബി.എ 8/2015 ഉത്തരവു പ്രകാരവും തുടർന്നു പുറപ്പെടുവിച്ച വിവിധ വിധി പ്രകാരം റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെയോ, ലോപെയ്ഡ് പ്രൊമോഷൻ ലിസ്റ്റിൽ ശാന്തിക്കാർ ഒഴിച്ചുള്ളവരെയോ ആവശ്യമെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം സെലക്റ്റ് ചെയ്തവരെയോ നിയോഗിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു. ഇതിന്റെ ക്രമീകരണവും 31/08/2016 നകം പൂർത്തിയാക്കിരിക്കേണ്ടതാണ്. ടി പ്രകാരം ക്ഷേത്ര ജീവനക്കാരെ നിയോഗിക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവുകൾ താൽക്കാലികാടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

5. **01/04/2016 മുതൽ പൂജാസ്റ്റാളുകളുടെ ലേലം ഒഴിവാക്കി ഡിപ്പാർട്ടുമെന്റ് നേരിട്ട് ഏറ്റെടുക്കുന്നതും വഴിപാട് സാധനങ്ങൾ ഡിപ്പാർട്ടുമെന്റ് നേരിട്ട് സപ്ലൈ ചെയ്യുന്നതും - ഉത്തരവുകൾ നടപ്പിലാക്കാത്ത സംഗതി**

പൂജാ സാധനങ്ങൾ ടെൻഡർ പ്രോസ്സസിലൂടെ സപ്ലൈ ചെയ്യിക്കുന്നതിലേക്കും സ്റ്റോർ സംവിധാനം ഒരുക്കി സ്റ്റോക്കു ചെയ്ത് ആവശ്യാനുസരണം ദേവസ്വങ്ങളിലേക്ക് വിതരണം ചെയ്യുന്നതിലേക്കുമുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി 29/03/2016 ൽ ആർ.ഒ.സി 87/12/എസ്റ്റാ-1 നമ്പരായി ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

പൂജാ സ്റ്റാളുകൾ നല്ല രീതിയിൽ പണിത് നിശ്ചിത സമയത്തിനകം ഫർണിഷ് ചെയ്ത് നൽകുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും സപ്ലെ ചെയ്യുന്ന ഐറ്റങ്ങൾ സ്റ്റോർ ചെയ്യുന്നതിലേക്ക് സ്റ്റോർ സൗകര്യം ഒരുക്കുന്ന തിലേക്കും ദേവസ്വം കമ്മീഷണർ, ചീഫ് എഞ്ചിനിയർ (ജനറൽ), ചീഫ് എഞ്ചിനിയർ എന്നിവരെ 29-03-2016 തീയതിയിലെ ആർ.ഒ.സി. 87/2016/എസ്റ്റാ നമ്പർ ഉത്തരവും പ്രകാരം ചുമതലപ്പെടുത്തിയിരുന്നു.

01-04-2017 മുതൽ പ്രാബല്യം നൽകേണ്ട സംഗതിയാകയാൽ ഓരോ മാസവും യോഗം ചേർന്ന് നടപടികളുടെ പുരോഗതി വിലയിരുത്തി അതു വരെ കൈകൊണ്ട നടപടി വിവരം ബോർഡിൽ റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശിച്ച് 17/05/2016 ൽ ആർ.ഒ.സി 87/16/എസ്റ്റാ 1/എം നമ്പരായി വീണ്ടും ഉത്തരവു പുറപ്പെടുവിച്ചിരുന്നുവെങ്കിലും നാളിതുവരെ യാതൊരു വിവരവും ലഭിച്ചിട്ടില്ല.

ഇക്കാര്യങ്ങളിൽ കൈക്കൊണ്ട നടപടി വിവരം ദേവസ്വം കമ്മീഷണർ, ദേവ സ്വം ചീഫ് എഞ്ചിനീയർ (ജനറൽ), ദേവസ്വം ചീഫ് എഞ്ചിനീയർ എന്നിവർ 31-08-2016 നകം ബോർഡിൽ റിപ്പോർട്ട് സമർപ്പിച്ചിരിക്കേണ്ടതാണ്.

പൂജാ സ്റ്റാളുകൾ നല്ല രീതിയിൽ പണിത് നിശ്ചിത സമയത്തിനകം ഫർണിഷ് ചെയ്ത് നൽകുന്നതിനും, സപ്ലെ ചെയ്യുന്ന ഐറ്റങ്ങൾ സ്റ്റോർ ചെയ്യുന്നതിലേക്ക് സെൻട്രലൈസ്ഡ് സ്റ്റോർ സൗകര്യം ഒരുക്കുന്നതിനും ക്ഷേത്രങ്ങളിൽ കമ്പ്യൂട്ടർ കൗണ്ടർ നിർമ്മിക്കുന്നതിനും ഉള്ള നടപടിക്രമ ങ്ങളുടെ പേപ്പർ വർക്കുകൾ അതാതു എക്സിക്യൂട്ടീവ് എഞ്ചിനിയർമാർ 31-08-2016 നകം പൂർത്തിയാക്കി വിവരം റിപ്പോർട്ടു ചെയ്തിരിക്കേണ്ടതാണ്.

6. **ഡിപ്പാർട്ടുമെന്റിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കൽ - നിലവിലെ സ്ഥിരം ജീവനക്കാർക്ക് സംരക്ഷണം നൽകിക്കൊണ്ട് പരമാവധി തസ്തികകൾ outsource ചെയ്യുന്ന സംഗതി**

വളരെ കുറച്ചുസമയം മാത്രം ആവശ്യമായിവരുന്ന ജോലികൾക്കും unskilled ആയ വർക്കിനും വൻ തുക ശമ്പളം നൽകി സ്ഥിരം ജീവന ക്കാരെ നിയമിച്ചുവരുന്നത് ബോർഡിന്റെ സാമ്പത്തിക ഭദ്രതയെയും നില നിൽപ്പിനെയും ബാധിക്കുന്നു.

വളരെ കുറഞ്ഞ തുകയ്ക്ക് ഇത്തരം വർക്കുകൾ ചെയ്യുവാൻ ഉത്തരവാദി ത്വവും അർപ്പണബോധവുമുള്ളവരെ പ്രാദേശികമായി ലഭിക്കുമെന്നതിനാൽ ഇത്തരം തസ്തികകളിൽ പ്രാദേശികമായി ആൾക്കാരെ നിയോഗിക്കുന്നത് ഡിപ്പാർട്ട്മെന്റിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിന് അനിവാര്യം എന്ന തിനാൽ അപ്രകാരം തീരുമാനിക്കുന്നു. നിലവിലെ ജീവനക്കാർക്ക് സംര ക്ഷണം നൽകികൊണ്ട് ദേവസ്വങ്ങളിലെ പരമാവധി തസ്തികകളിൽ നിയ മനം ഔട്ട് സോഴ്സ് ചെയ്യേണ്ടതാണ്. ചെറിയ ഒരു ക്ഷേത്രത്തിൽ ഒരു ശാന്തിയും ഒരു ജീവനക്കാരനും സ്ഥിരമായി ഉണ്ടാകത്തവിധം ക്രമീകരിച്ച് ബാക്കിയുള്ള unskilled ആയിട്ടുള്ള തസ്തികകൾക്ക് പ്രാദേശികമായി കോൺട്രാക്ട് വ്യവസ്ഥയിൽ ആൾ ഏർപ്പെടുത്തേണ്ടതാണ്. നൈറ്റ് ഡ്യൂട്ടി ആവശ്യമായ ദേവസ്വങ്ങളിൽ വിമുക്തഭടന്മാരെ അതിലേക്കുള്ള സ്ഥിരം ജീവനക്കാരുടെ strength ഒഴിവാക്കി നിയോഗിക്കേണ്ടതാണ്.

ഏതൊക്കെ ക്ഷേത്രങ്ങളിൽ ഏതൊക്കെ തസ്തികകൾ ഇപ്രകാരം ക്രമീകരി ക്കാമെന്ന് ഓരോ ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരും അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ, അഡ്മിനിസ്ട്രേറ്റീവ് ആഫീസർമാർ/സബ്ഗ്രൂപ്പ്

ആഫീസർമാർ എന്നിവരുടെ യോഗം വിളിച്ച് ചർച്ച ചെയ്ത് വിശദമായ ലിസ്റ്റ് തസ്തിക തിരിച്ചുള്ളത് 2016 ആഗസ്റ്റ് 31 നകം ബോർഡിന് സമർപ്പിക്കേണ്ടതാണ്.

7. **<u>ഐഡന്റിറ്റി കാർഡു ധരിക്കുന്നതു നിർബന്ധമാക്കുന്നു</u>**

തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടുള്ള എല്ലാ ഉദ്യോഗസ്ഥരും ക്ഷേത്ര ജീവനക്കാരും ആയത് ഡ്യൂട്ടി സമയങ്ങളിൽ ധരിച്ചിരിക്കണം. എഡന്റിറ്റി കാർഡ് ഇല്ലാതെ ഡ്യൂട്ടിക്കായി വന്നാൽ പ്രസ്തുത ദിവസം ആബ്സന്റ് ആയി കണക്കാക്കേണ്ടതാണ്. ഐഡന്റിറ്റി കാർഡ് ധരിക്കാതെ വീഴ്ചവരുത്തുന്നവരുടെ പേരിലും ആയതിന് കൂട്ടുനിൽക്കുന്ന മേലുദ്യോഗസ്ഥന്റെ പേരിലും ദേവസ്വം കമ്മീഷണർ ശിക്ഷണനടപടി സ്വീകരിക്കേണ്ടതാണ്. തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടില്ലാത്ത സ്ഥലങ്ങളിൽ അടിയന്തിരത്തിൽ ആയതു വിതരണം ചെയ്യുന്നതിന് തീരുമാനിച്ചു.

8. **<u>വഴിപാടുകൾ സബ് ഗ്രൂപ്പ് ഓഫീസർമാർ നേരിട്ടു നടത്തണം -</u>**

സബ് ഗ്രൂപ്പ് ഓഫീസർമാർ വഴിപാടുകൾ നേരിട്ടു നടത്താതെ കീഴ് ജീവനക്കാരെയോ വ്യക്തികളെയോ ഉപദേശസമിതികളെയോ ചുമതലപ്പെടുത്തുന്നത് റവന്യൂ നഷ്ടത്തിനും, വഴിപാടിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും സാധിക്കാതെ വരുന്നു. ഇത് ദീർഘകാലാടിസ്ഥാനത്തിൽ സൽപ്പേര് കളങ്കപ്പെടുന്നതിന് ഇടയാക്കുന്നതിന് പുറമെ ദേവസ്വം വരുമാനം കുറയുന്നതിന് കാരണമാകുകയും ചെയ്യുന്നു.

ദേവസ്വങ്ങളിലെ വഴിപാടുകൾ സബ് ഗ്രൂപ്പ് ഓഫീസർമാർ നേരിട്ടുമാത്രമേ നടത്തുവാൻ പാടുള്ളൂ. ഇക്കാര്യം സംബന്ധിച്ച് 25-03-2016 ലെ ആർ.ഒ.സി 87/12/എസ്റ്റാ-1 നമ്പർ ഉത്തരവ് കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

കൂടാതെ ഉപദേശസമിതികൾക്ക് നിയന്ത്രണമില്ലാതെ കൂപ്പണുകൾ സീൽചെയ്തു നൽകുന്നത് ക്ഷേത്ര വരുമാനത്തെ സാരമായി ബാധിക്കുന്നതിനാൽ മേലിൽ അപ്രകാരം ശുപാർശ ചെയ്യാൻ പാടില്ല. ആവശ്യകത മനസ്സിലാക്കി വ്യക്തമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മിനിമം ആവശ്യമായിവരുന്ന തുകയ്ക്ക് മാത്രമേ മേലിൽ ശുപാർശയ്ക്ക് അയയ്ക്കുവാൻ പാടുള്ളൂ.

9. **<u>ആവശ്യമില്ലാത്ത സബ്ഗ്രൂപ്പുകൾ ഒഴിവാക്കുന്നതും ദേവസ്വങ്ങൾ സബ് ഗ്രൂപ്പുകളിൽ പുനക്രമീകരിക്കുന്നതും സംബന്ധിച്ച് -</u>**

ഭരണ സൗകര്യത്തിനായും ചെലവു നിയന്ത്രിച്ച് സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനുമായി ആവശ്യമില്ലാത്ത സബ്ഗ്രൂപ്പുകൾ നിർത്തൽ ചെയ്യേണ്ടതും വരുമാനം വർദ്ധിപ്പിക്കുവാൻ സാദ്ധ്യതയുള്ളതും കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കേണ്ടതുമാണ്. ആവശ്യമില്ലാത്ത സബ് ഗ്രൂപ്പുകൾ നിർത്തൽ ചെയ്യുന്നതോടൊപ്പം ആയതിലെ ദേവസ്വങ്ങൾ സമീപ സബ് ഗ്രൂപ്പുകളിൽ സൗകര്യപ്രദമായ തരത്തിൽ ഉൾപ്പെടുത്തി ക്രമീകരിക്കേണ്ടതാണ്. കൂടാതെ നിലവിലെ ദേവസ്വങ്ങൾ മറ്റ് സബ്ഗ്രൂപ്പുകളിൽ/ഗ്രൂപ്പുകളിൽ ഉൾപ്പെടുത്തുന്നതാണ്. ഭരണപരമായി സൗകര്യപ്രദമെങ്കിൽ അപ്രകാരം ചെയ്യേണ്ടതുമാണ്. ഇതിലേക്ക് അതാത് ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/സബ്ഗ്രൂപ്പ് ആഫീസർമാരുടേയും ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടേയും യോഗം വിളിച്ച് വിശദാംശം ശേഖരിച്ച് ചർച്ച ചെയ്ത് കൺസോളിഡേറ്റു ചെയ്ത് വിവരം 31/08/2016 നു മുമ്പായി ബോർഡിൽ സമർപ്പിച്ചിരിക്കേണ്ടതാണ്.

10. <u>ഉത്സവങ്ങൾ ബോർഡ് നേരിട്ടു നടത്തുന്ന സംഗതി</u>

ഉത്സവം നടത്താൻ ബുദ്ധിമുട്ടുള്ള ദേവസ്വങ്ങളിൽ ആയതിന്റെ ചെലവ് ബോർഡു വഹിക്കുന്നതാണ്. അതിലേക്ക് വഴിപാടുകളിൽ അഡ്ജസ്റ്റ്മെന്റ് നടത്താൻ അനുവദിക്കില്ല. ഇത്തരത്തിൽ പ്രത്യേക സാഹചര്യമുള്ള ക്ഷേത്ര ങ്ങളുടെ വിവരം വിശദാംശംസഹിതം ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷ ണർമാർ അതത് ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ പരിശോധിച്ച് ബോദ്ധ്യപ്പെട്ട് ആവശ്യമുള്ളതുമാത്രം ദേവസ്വം കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ദേവസ്വം കമ്മീഷണർ ഇക്കാര്യം പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

11. <u>പ്രത്യേകമായി ചില ക്ഷേത്രങ്ങളിൽ മാത്രമായുള്ള വഴിപാടുകളുടെ റേറ്റ് പുതുക്കി നിശ്ചയിക്കുന്ന സംഗതി സംബന്ധിച്ച്.</u>

മൂകാമ്പി ദേവസ്വത്തിലെ കഷായം, വെള്ളായണി ദേവസ്വത്തിലെ മധുപൂജ തുടങ്ങിയതുപോലെ വിവിധ ദേവസ്വങ്ങളിൽ അതാത് ക്ഷേത്രങ്ങളിലെ പ്രത്യേകത കാരണം നടത്തിവരുന്ന വഴിപാട് ഗുണനിലവാരം ഉറപ്പാക്കുന്ന രീതി കാലോചിതമായി പരിഷ്ക്കരിക്കുകയും അതനുസരിച്ച് റേറ്റ് നിജപ്പെ ടുത്തേണ്ടതുമാണ്. ഇതിലേക്കുള്ള വിശദമായ പ്രപ്പോസലുകൾ 31/08/2016 നു മുമ്പായി അതാതു സബ് ഗ്രൂപ്പ് ഓഫീസർമാർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർക്കു സമർപ്പിക്കണം. ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷ ണർമാർ ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരെ വിശദാംശം 15 ദിവസ ത്തിനകം അറിയിക്കേണ്ടതും ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ പരിശോ ധിച്ച് ബോദ്ധ്യപ്പെട്ട് ദേവസ്വം കമ്മീഷണർക്ക് സമർപ്പിക്കേണ്ടതും നിലവിലെ ഉത്തരവുകൾ പ്രകാരം ദേവസ്വം കമ്മീഷണർ അനുമതി നൽകി നടപടി 2016 സെപ്റ്റംബർ 30 നകം പൂർത്തിയാക്കേണ്ടതുമാണ്.

12. <u>ദേവസ്വങ്ങളിൽ ആവശ്യമായതും അനുയോജ്യമായതുമായ വഞ്ചികൾ സ്ഥാപിക്കേണ്ടുന്നത്</u>

എല്ലാ ക്ഷേത്രങ്ങളിലും ആവശ്യമായ ഇടങ്ങളിൽ വൃത്തിയുള്ളതും ഭക്തജന ങ്ങൾക്ക് കാണിക്ക അർപ്പിക്കാൻ തോന്നത്തക്കവിധത്തിലുമുള്ള കാണിക്ക വഞ്ചികൾ സ്ഥാപിക്കേണ്ടതാണ്. ഇതിലേക്ക് ഏതൊക്കെ സ്ഥലങ്ങളിൽ എത്ര കാണിക്ക വഞ്ചികൾ വേണമെന്നുള്ള വിവരം ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ 31/08/2016 നു മുമ്പായി അറിയിക്കേണ്ടതും ദേവ സ്വം കമ്മീഷണർ, ദേവസ്വം ചീഫ് എഞ്ചിനീയർ (ജനറൽ) എന്നിവർ ഇക്കാ ര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് വഞ്ചികൾ ലഭ്യമാക്കേണ്ട തുമാണ്.

13. <u>ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക മൊബൈൽ സിംകാർഡു നൽകുന്ന സംഗതി</u>

ബോർഡിന്റെ കീഴിലെ സബ് ഗ്രൂപ്പ് ഓഫീസർ വരെയുള്ള പ്രത്യേക ചുമത ലയുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ഒദ്യോഗിക ആവശ്യത്തിനായി ബി.എസ്. എൻ.എൽ സിംകാർഡ് നൽകാൻ തീരുമാനിച്ചു. ഇത് ഒരു വ്യക്തിക്കായി നൽകുന്ന കണക്ഷൻ അല്ല. അതാതു പോസ്റ്റിൽ അനുവദിക്കന്നതാണ്. ആ തസ്തികയിലെ ഉദ്യോഗസ്ഥൻ സ്ഥലംമാറ്റപ്പെട്ടാൽ സിംകാർഡ് അടുത്ത ചുമതലക്കാരനെ രേഖാമൂലം ഏൽപ്പിക്കേണ്ടതാണ്. ഇത് പേഴ്സണൽ

ഫോണായി ഉപയോഗിക്കാൻ പാടില്ല. സിംകാർഡ് സപ്ലെയ്ക്ക് തുടർ നട പടി സ്വീകരിക്കുന്നതിന് ബോർഡിലെ EDP വിഭാഗത്തെ ചുമതലപ്പെടു ത്തുന്നു.

14. **വഴിപാടു ടിക്കറ്റ് കൗണ്ടറുകൾ നിർമ്മിക്കുന്നതു സംബന്ധിച്ച്**

വഴിപാടു ടിക്കറ്റ് കൗണ്ടറുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അനുയോജ്യമായ സ്ഥലത്ത് ആയതു നിർമ്മിക്കേണ്ടതാണ്. ഇതിനാവശ്യമായ പേപ്പർ വർക്കു കകൾ എക്സിക്യൂട്ടീവ് എഞ്ചിനിയർമാർ 31/08/2016 നു മുമ്പായി പൂർത്തി യാക്കേണ്ടതും ദേവസ്വം ചീഫ് എഞ്ചിനീയർ (ജനറൽ), ദേവസ്വം ചീഫ് എഞ്ചിനീയർ എന്നിവർ ഉടൻ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. കമ്പ്യൂട്ടറൈസേഷൻ നടപടി ആരംഭിച്ചിട്ടുള്ളതിനാൽ വഴിപാടു കൗണ്ടറു കൾ നിർമ്മിക്കുമ്പോൾ കമ്പ്യൂട്ടർ സ്ഥാപിക്കുന്നതു കൂടി മുന്നിൽ കണ്ടായി രിക്കണം സൗകര്യങ്ങൾ ഒരുക്കേണ്ടത്.

15. **സബ് ഗ്രൂപ്പ് ഓഫീസർമാർ രാവിലെയും വൈകുന്നേരവും ക്ഷേത്രങ്ങ ളിൽ നിർബന്ധമായും ഉണ്ടാകേണ്ട സംഗതി**

സബ് ഗ്രൂപ്പ് ഓഫീസർമാർ രാവിലെയും വൈകുന്നേരവും കൃത്യമായി ക്ഷേത്രങ്ങളിൽ ഉണ്ടായിരിക്കേണ്ടതും രണ്ടുനേരം ഹാജർ രേഖപ്പെടു ത്തിയിരിക്കേണ്ടതുമാണ്. വഴിപാടു നടത്തിപ്പിലും ജീവനക്കാരുടെ പ്രവർത്ത നങ്ങളിലും സബ് ഗ്രൂപ്പ് ഓഫീസർമാർ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതും വീഴ്ച ക്കാരുടെ വിവരം യഥാസമയം നടപടിക്കായി റിപ്പോർട്ട് ചെയ്തിരിക്കേണ്ടതു മാണ്. ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ദേവസ്വം കമ്മീഷണർ കർശന നടപടി കൈക്കോള്ളേണ്ടതാണ്.

16. **പരിശോധനകൾ കർക്കശമാക്കുന്ന സംഗതി**

ഇൻസ്പെക്ഷൻ വിഭാഗവും വിജിലൻസും മിന്നൽ പരിശോധനകൾ കർശന മായി നടത്തി റിപ്പോർട്ട് സമർപ്പിച്ചിരിക്കേണ്ടതാണ്. ഓരോ വിജിലൻസ് ഓഫീസർ/സബ് ഇൻസ്പെക്ടറും ഒരു മാസം കുറഞ്ഞത് 60 ദേവസ്വങ്ങളി ലെങ്കിലും മിന്നൽ പരിശോധനകൾ നടത്തിയിരിക്കണം. ഇതിന്റെ റിപ്പോർട്ട് കാലതാമസം ഒഴിവാക്കുന്നതിലേക്കായി 28-03-2016 ലെ ആർ.ഒ.സി. 87/16/എസ്റ്റാ-1 നമ്പർ ദേവസ്വം ബോർഡ് ഉത്തരവുപ്രകാരം സമർപ്പിക്കേണ്ടതും ദേവസ്വം കമ്മീഷണർ ഉടൻ തുടർ നടപടി സ്വീകരി ച്ചിരിക്കേണ്ടതുമാണ്.

17. **ക്ഷേത്രപരിസരം ശുചിയായി സൂക്ഷിക്കുന്നത്**

ക്ഷേത്രവും പരിസരവും എപ്പോഴും ശുദ്ധവൃത്തിയോടെ സൂക്ഷിച്ചിരിക്കണം. പരിശോധനാ ഉദ്യോഗസ്ഥർ ആയതും പരിശോധിച്ച് വീഴ്ചക്കാരുടെ പേരിൽ നടപടിക്ക് ശുപാർശ ചെയ്യേണ്ടതും ദേവസ്വം കമ്മീഷണർ ശിക്ഷണ നടപടി സ്വീകരിക്കേണ്ടതുമാണ്.

18. **ക്ഷേത്രവസ്തുക്കളെ സംബന്ധിച്ച വിവരങ്ങൾ സ്ഥിരം റിക്കാർഡായി സൂക്ഷിക്കേണ്ടത് സംബന്ധിച്ച്**

ക്ഷേത്രവസ്തുക്കളെ സംബന്ധിച്ചുള്ള വിവരങ്ങൾ സബ് ഗ്രൂപ്പ്, ഗ്രൂപ്പ് ജില്ലാ ഓഫീസുകളിൽ അപ്ഡേറ്റ് ചെയ്ത് സ്ഥിരം റിക്കാർഡായി സൂക്ഷിച്ചിരി ക്കണം.

ഇതു സംബന്ധിച്ച് ദേവസ്വം കമ്മീഷണറുടെ 15-05-2007 ലെ ആർ.ഒ.സി. 3228/02/എൽ നമ്പരായി പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം നടപടി സ്വീക രിക്കേണ്ടതാണ്. ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ സമയബന്ധി തമായി നടപടി പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. മൂന്ന് മാസ ത്തിനകം നടപടി പൂർത്തിയാക്കാത്തവരുടെ പേരിൽ ദേവസ്വം കമ്മീഷണർ നടപടി സ്വീകരിക്കേണ്ടതാണ്.

19. <u>വരവു ചെലവു കണക്കുകൾ എഴുതി സൂക്ഷിക്കുന്ന സംഗതി</u>

സബ് ഗ്രൂപ്പുകളുലെ വരവു ചെലവു കണക്കുകൾ ദേവസ്വം തിരിച്ച് എഴുതി സൂക്ഷിച്ചിരിക്കേണ്ടതും ആനുപാതിക വർദ്ധനവില്ലാതെ വരികയോ കുറവ് സംഭവിക്കുകയോ ചെയ്യുന്ന കേസ്സുകളിന്മേൽ പരിശോധന നടത്തി വീഴ്ച ക്കാരുടെ പേരിൽ നടപടി സ്വീകരിക്കുന്നതിന് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ദേവസ്വം കമ്മീഷണർ എന്നിവരെ ചുമതലപ്പെടുത്തുന്നു. വരവു ചെലവിന്റെ പകർപ്പുകൾ ഗ്രൂപ്പ്, ജില്ലാ ഓഫീസുകളിലും സൂക്ഷിക്കണം. ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷ ണർമാർ ഇതിന്റെ മേൽനോട്ടം വഹിക്കേണ്ടതും വീഴ്ചക്കാരുടെ പേരിൽ നട പടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പിക്കേണ്ടതുമാണ്.

പങ്കെടുത്ത എല്ലാപേർക്കും നന്ദി രേഖപ്പെടുത്തി യോഗം കൃത്യം 6 മണിക്ക് സമാപിച്ചു.

**സെക്രട്ടറി**

**ആർ.ഒ.സി 8525/2016/എസ്റ്റാ-1**
**04/08/2016**